തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട്, മലപ്പുറം - 676 502
ഫോൺ : 0494 2631230

# വിദ്യാർത്ഥി യൂണിയൻ തിരഞ്ഞെടുപ്പ് 2023-24

## തിരഞ്ഞെടുപ്പിനുള്ള നിയമാവലി

1. രാവിലെ 10 മണി മുതൽ 1 മണി വരെയാണ് തിരഞ്ഞെടുപ്പ് സമയം. ഒരു മണിക്ക് ക്യൂവിലുള്ള വിദ്യാർത്ഥികൾക്ക് പ്രിസൈഡിംഗ് ഓഫീസർ നൽകുന്ന ടോക്കൺ ഉപയോഗിച്ച് വോട്ട് രേഖപ്പെടുത്താവുന്നതാണ്.
2. വിദ്യാർത്ഥികൾ തിരിച്ചറിയൽ രേഖയായി സർവകലാശാല നൽകിയ തിരിച്ചറിയൽ കാർഡ് കൊണ്ടുവരേണ്ടതാണ്. മറ്റ് സാഹചര്യങ്ങളിൽ വകുപ്പദ്ധ്യക്ഷന്റെ/വകുപ്പിലെ അദ്ധ്യാപകന്റെ സാക്ഷ്യപത്രം തിരിച്ചറിയൽ രേഖയായി പരിഗണിക്കും.
3. ഫാക്കൽറ്റി ക്രമത്തിൽ അഞ്ച് ബൂത്തുകളിലായാണ് തിരഞ്ഞെടുപ്പ് നടക്കുക. ഓരോ ബൂത്തിലും ഉൾപ്പെട്ട വോട്ടർമാരുടെ വിശദാംശങ്ങൾ ബൂത്തിനുപുറത്ത് പ്രദർശിപ്പിക്കും.
4. യൂണിയൻ ഭാരവാഹിയുടെയും അസോസിയേഷൻ സെക്രട്ടറിമാരുടെയും തിരഞ്ഞെടുപ്പിനായി വ്യത്യസ്ത നിറത്തിലുള്ള ബാലറ്റ് പേപ്പർ ഉപയോഗിക്കും.
5. ബാലറ്റ് പേപ്പർ സ്വീകരിക്കുമ്പോൾ വിദ്യാർത്ഥികൾ വോട്ടർ പട്ടികയിൽ അവരുടെ പേരിനുനേരെ ഒപ്പിടണം.
6. പ്രിസൈഡിംഗ് ഓഫീസറിൽനിന്ന് സ്വീകരിക്കുന്ന ബാലറ്റ് പേപ്പറിൽ വോട്ട് ചെയ്യാൻ ഉദ്ദേശിക്കുന്ന സ്ഥാനാർത്ഥിയുടെ പേരിനു നേരെ വോട്ട് രേഖപ്പെടുത്താനുള്ള കോളത്തിൽ നീല ബാൾപോയിന്റ് പെൻ ഉപയോഗിച്ച് × ചിഹ്നം രേഖപ്പെടുത്തണം.
7. വോട്ട് ചെയ്യാനുള്ള നീല ബാൾപോയിന്റ് പെൻ അതത് ബൂത്തുകളിൽ വിതരണം ചെയ്യും.
8. വോട്ട് രേഖപ്പെടുത്തിയശേഷം യൂണിയൻ ഭാരവാഹിയുടെയും അസോസിയേഷൻ സെക്രട്ടറിയുടെയും ബാലറ്റ് പേപ്പർ അതത് ബാലറ്റ് പെട്ടിയിൽ നിക്ഷേപിക്കണം.
9. അന്ധരോ അവശരോ ആയ വോട്ടർമാർക്ക് പ്രിസൈഡിംഗ് ഓഫീസറുടെ അനുമതിയോടെ ഓപ്പൺ വോട്ട് ചെയ്യാവുന്നതാണ്.
10. ഏതെങ്കിലും വോട്ടറുടെ വോട്ട് ചെയ്യാനുള്ള അവകാശത്തെ സംബന്ധിച്ച് തർക്കങ്ങൾ ഉയരുകയാണെങ്കിൽ പ്രിസൈഡിംഗ് ഓഫീസറുടെ തീരുമാനം അന്തിമമായിരിക്കും.

11. ഓരോ ബൂത്തിലും സ്ഥാനാർത്ഥികളുടെ ഏജന്റുമാർക്ക് വോട്ടിംഗ് പ്രക്രിയയെ നിരീക്ഷിക്കാനായി ഇരിക്കാവുന്നതാണ്. ഇതിനായുള്ള ഏജന്റ് പാസുകൾ മുഖ്യവരണാധികാരിയിൽ നിന്നും തിരഞ്ഞെടുപ്പ് ദിവസം രാവിലെ 9.00 ന് കൈപ്പറ്റേണ്ടതാണ്. ഒരു സ്ഥാനാർത്ഥിക്ക് രണ്ട് ഏജന്റ് പാസ് എന്ന ക്രമത്തിൽ വരണാധികാരിയിൽനിന്ന് കൈപ്പറ്റാവുന്നതാണ്.

12. തിരഞ്ഞെടുപ്പ് സമയത്ത് ഒരു ഏജന്റ് പാസ് ഒരാൾക്ക് മാത്രമേ ഉപയോഗപ്പെടുത്താനാവൂ.

13. ബാലറ്റ് പെട്ടികൾ, ബാലറ്റ് പേപ്പർ അക്കൗണ്ട് ഉള്ളടക്കം ചെയ്ത കവർ എന്നിവിടങ്ങളിൽ സീലിംഗ് സമയത്ത് സ്ഥാനാർത്ഥികളുടെ ഏജന്റുമാർ ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്.

<u>സ്കൂളുകളുടെ പേര്</u>

1. ഭാഷാശാസ്ത്രസ്കൂൾ
2. സാഹിത്യപഠനസ്കൂൾ
3. സാഹിത്യരചന സ്കൂൾ
4. സംസ്കാരപൈതൃകപഠനസ്കൂൾ
5. മാധ്യമപഠനസ്കൂൾ
6. പരിസ്ഥിതി പഠനസ്കൂൾ
7. വികസനപഠനസ്കൂൾ
8. ചരിത്രപഠനസ്കൂൾ
9. സോഷ്യോളജി സ്കൂൾ
10. ചലച്ചിത്രപഠനസ്കൂൾ
11. എഴുത്തച്ഛൻ പഠനസ്കൂൾ

വരണാധികാരി